LIBRARY ARCHIVES Kerala Legislative Assembly

ഉൾനാടൻ മത്സ്യോത്പാദനം

186 (2013) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യോത്പാദനത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ ?

(ബി) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യക്കൃഷി രംഗത്ത് തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളുടെ നിലനിൽപ്പിനായി പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ മത്സ്യോല്പാദനത്തിൽ 66 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2010-11-ൽ 1.21 ലക്ഷം ടൺ ആയിരുന്ന ഉൾനാടൻ മത്സ്യോത്പാദനം 2014-15-ൽ 2.02 ലക്ഷം ടൺ ആയി വർദ്ധിച്ചു.

(ബി) ഉൾനാടൻ മത്സ്യകൃഷി രംഗത്ത് തൊഴിലെടുക്കുന്ന ജനവിഭാഗങ്ങളെ സഹായിക്കുന്നതിനായി പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതിക്കായി മത്സ്യസമൃദ്ധി II-ൽ 2015-18 കാലയളവിലേയ്ക്ക് 210 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2015-18 കാലയളവിൽ മത്സ്യസമൃദ്ധി -II പദ്ധതി നടപ്പാക്കുന്നതിലൂടെ മൂന്ന് വർഷം കൊണ്ട് 35 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നു. കൂടാതെ കേജ് കൃഷി/പെൻ കൾച്ചർ/മസ്സൽ കൾച്ചർ എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് നിരവധി തൊഴിൽ ദിനങ്ങൾ പുതിയതായി സൃഷ്ടിക്കപ്പെടുന്നു.

തീരദേശ വികസന കോർപ്പറേഷൻ വഴിയുള്ള പദ്ധതികൾ

187 (2014) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ സംസ്ഥാന ബഡ്ജറ്റിൽ തീരദേശവികസന കോർപ്പറേഷൻ വഴി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ആയിരുന്നുവെന്ന് വ്യക്തമാക്കാമോ ;